**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1346** **18-01-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടിയിലെ പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി, ഒരു കോടി രൂപ വീതം പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും ടെൻഡർ നടപടി ആയിട്ടില്ലാത്ത ധാരാളം സ്കൂളുകൾ ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി 386 വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ 3 കോടി, 446 വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ 1 കോടി രൂപ ധനസഹായത്തോടേയും കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 208 കെട്ടിടങ്ങൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 44 കെട്ടിടങ്ങൾ പണി പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മറ്റ വിദ്യാലയങ്ങൾ നിർമ്മാണ ത്തിന് പാലിക്കേണ്ട നടപടിക്രമങ്ങളിലൂടെ കടന്നു പോകുകയാണ്. |
| (ബി) | കൊണ്ടോട്ടി മണ്ഡലത്തിൽ മൂന്ന് കോടി രൂപ വീതം പ്രഖ്യാപിച്ച ജി.വി.എച്ച്.എസ്.എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകളിൽ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയും. |
| (സി) | കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി രൂപ വീതം പ്രഖ്യാപിച്ച ജി.എച്ച്.എസ്.എസ്. തടത്തിൽപ്പറമ്പ്, ജി.എച്ച്.എസ്.എസ് മുതുവല്ലൂർ, ജി.എച്ച്.എസ്.എസ് ചുള്ളിക്കോട്, ജി.എം.യു.പി.എസ്. വാഹക്കാട്, ജി.യു.പി.എസ്. ചീക്കോട് എന്നീ സ്കൂളുകളുടെ പ്രവൃത്തി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | ജി.എച്ച്.എസ്.എസ്. തടത്തിൽപ്പറമ്പ്, ജി.എച്ച്. എസ്.എസ് മുതുവല്ലൂർ, ജി.എച്ച്.എസ്.എസ് ചുള്ളിക്കോട്, ജി.എം.യു.പി.എസ്.വാഹക്കാട് എന്നീ സ്കൂളുകളുടെ എസ്റ്റിമേറ്റ് തിരുത്തലുകൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ജി.യു.പി.എസ്.ചീക്കോട് സ്കൂളിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് ടെക്നിക്കൽ അംഗീകാരം നൽകി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ